ഐ. പി. സി. നമ്പരായും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നളിനി കൊലപാതക കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. (ക്രൈം നം. 214/സി. ആർ/2005)

(ബി) മൂന്നുപേർ

(സി)	ക്രൈം നമ്പർ	പ്രതികൾ
	302/04	ശങ്കുണ്ണി
	118/05	(1) ശെന്തിൽകുമാർ (2) മണി
	214/സി.ആർ/05	പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല

(ഡി) കൊളത്തൂർ പോലീസ് സ്റ്റേഷൻ ക്രൈം 180/04 കേസിൽ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. പ്രസ്തുത കേസ് ക്രൈംബ്രാഞ്ച് ക്രൈം 214/സി.ആർ/2005 നമ്പർ പ്രകാരം അന്വേഷിച്ചുവരുന്നു.

(ഇ) പ്രതികളെ തിരിച്ചറിഞ്ഞിട്ടും അറസ്റ്റ് ചെയ്യാൻ കഴിയാത്ത കേസുകളില്ല.

കൊയിലാണ്ടി കോടതിയിൽ പ്രതിക്കുവേണ്ടി ഹാജരായ അഭിഭാഷകന്റെ പരാതി

172 [3140] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി കോടതിയിൽ പ്രതിക്കുവേണ്ടി ഹാജരായതിന്റെ പേരിൽ എതിർകക്ഷികളുടെയും പോലീസിന്റെയും പീഡനം സഹിക്കേണ്ടിവന്ന ഒരു അഭിഭാഷകന്റെ പരാതി മുഖ്യമന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ആ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) ആ പരാതിയെക്കുറിച്ച് പോലീസിൽനിന്നും വ്യതിരിക്തമായ ഒരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയെപ്പറ്റി കോഴിക്കോട് റൂറൽ നാർക്കോട്ടിക് സെൽ ഡിവൈ. എസ്. പി. വിശദമായ അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും അഡ്വ. വിനോദ് കുമാറിനെതിരെ ടിയാൻ ആരോപിക്കുന്നതുപോലെയുള്ള പീഡനങ്ങളൊന്നും ഉണ്ടായിട്ടില്ലയെന്നും അദ്ദേഹത്തിന്റെ അന്തസ്സിനും പദവിക്കും ക്ഷതമേൽപ്പിക്കുന്ന യാതൊരു നടപടികളും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നും വെളിവായിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്ന അഡ്വ. വിനോദ്കുമാറിനോടും എതിർകക്ഷികളോടും പോലീസ് മാന്യ മായി പെരുമാറിയിട്ടുള്ളതാണ്. മാത്രമല്ല, അഡ്വ. വിനോദ്കുമാറിനെ അദ്ദേഹം നട ത്തുന്ന തിരുവങ്ങൂരിലുള്ള ട്യൂട്ടോറിയൽ കോളേജിൽ കൊണ്ടുവിട്ടിട്ടുള്ളതുമാണ്.

(സി) മറ്റൊരു ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുന്ന കാര്യം ഇപ്പോൾ പരി ഗണനയിലില്ല.

അമരവിള ചെക്പോസ്റ്റുവഴി വന്ന വാഹനങ്ങളിൽനിന്നും സ്ഫോടകവസ്തുക്കൾ പിടിച്ചെടുത്ത സംഭവങ്ങൾ

173 [3141] *ശ്രീ ടി. യു. രാധാകൃഷ്ണൻ:*
„ *സി. പി. മുഹമ്മദ്:*
„ *വർക്കല കഹാർ:*
„ *കെ. ബാബു:*
„ *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ അമരവിള ചെക്ക് പോസ്റ്റുവഴി വന്ന വാഹനങ്ങളിൽനിന്നും സ്ഫോടകവസ്തുക്കൾ പിടിച്ചെടുത്ത എത്ര സംഭവങ്ങളു ണ്ടായിട്ടുണ്ട്;

(ബി) ഈ വസ്തുക്കൾ എവിടെനിന്ന് ആര് ആർക്ക് കൊടുത്തയച്ചതാണ് എന്ന് അറിവായിട്ടുണ്ടോ;

(സി) ഒരേ ആൾതന്നെ ഒന്നിലധികം പ്രാവശ്യം സ്ഫോടകവസ്തുക്കൾ ഈ ചെക്ക് പോസ്റ്റിലൂടെ കടത്തിയിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് സംഭവങ്ങളുണ്ടായിട്ടുണ്ട്.

(ബി) 2005 ഏപ്രിൽ 8-ന് പാറശ്ശാല പോലീസ് സ്റ്റേഷൻ പരിധിയിലുള്ള അമരവിളവച്ച് പിടിച്ചെടുത്ത പാറശ്ശാല പി. എസ്. ക്രൈം 255/05-ാം നമ്പർ കേസിലെ ഹേതുവായ സ്ഫോടകവസ്തുക്കൾ, ഈ കേസിലെ 5-ാം പ്രതി കുഴിത്തുറ സ്വദേശി ലൈല കൊടുത്തയച്ചതാണെന്ന് വെളിവായിട്ടുണ്ട്. ആർക്ക് കൊടുത്തയച്ചതാണെന്നതിനെപ്പറ്റി അന്വേഷണം നടന്നുവരുന്നു. 2005 മേയ് 7-ാം തീയതി ബാലരാമപുരത്തുവച്ച് പിടിച്ചെടുത്തതും ബാലരാമപുരം പി. എസ്. ക്രൈം 325/05 നമ്പർ കേസിലെ ഹേതുവായ സ്ഫോടകവസ്തുക്കൾ കൊടുത്ത യച്ച ആളിനെക്കുറിച്ചും, ആർക്കാണ് കൊടുത്തയച്ചത് എന്നതുസംബന്ധിച്ചുമുള്ള അന്വേഷണം നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly